"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ സുരേന്ദ്രനാഥൻ. ജി .യുടെ മകൾ കുമാരി ശിവകാമി ബി.എസ്-ന് - ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.156/2023/LSGD തീയതി,തിരുവനന്തപുരം, 18-08-2023

---

പരാമർശം:-
1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.
2. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ.
3. 28.04.2018-ലെ സ.ഉ(പി)നം.7/2018/ഉ.ഭ.പ.വ.
4. 14.07.2023-ലെ സ.ഉ(പി)നം.12/2023/ഉഭപവ
5. കുമാരി ശിവകാമി ബി.എസ് ന്റെ 06.04.2022 ലെ അപേക്ഷ.
6. പഞ്ചായത്ത് ഡയറക്ടറുടെ 15.06.2022 ലെ PAN/7894 /2022-E14(DP) നമ്പർ കത്ത്.
7. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 02.04.2023 ലെ DCTVM/10902/2022-S6 നം കത്ത്.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 12.03.2021 ൽ മരണമടഞ്ഞ സുരേന്ദ്രനാഥൻ. ജി- യുടെ മകൾ കുമാരി ശിവകാമി. ബി.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (5) അപേക്ഷ ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (7) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 12.03.2021 ൽ മരണമടഞ്ഞ സുരേന്ദ്രനാഥൻ. ജി- യ്ക്ക് 19 വർഷം 02 മാസം 10 ദിവസത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാളുടെ മകളും ആശ്രിതയുമായ അപേക്ഷകയായ കുമാരി ശിവകാമി. ബി.എസ്- ന് 22 വയസ്സുണ്ടെന്നും (ജനനതീയതി 16.12.1999), ടിയാൾ എസ്.എസ്.എൽ.സി, +2 പരീക്ഷകൾ പാസ്സായിട്ടുണ്ടെന്നും, ടിയാളുടെ കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും

തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ടിയാളുടെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി ശിവകാമി. ബി.എസ്- ന് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, കൂടാതെ പരാമർശം (2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും അപേക്ഷക സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ കുമാരി ശിവകാമി. ബി.എസ്-നെ സമാശ്വാസ തൊഴിദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്രിത നിയമന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന പരാമർശം(1,2,3) ഉത്തരവുകളിലെ മാനദണ്ഡങ്ങളെല്ലാം പാലിക്കപ്പെട്ടുന്നുണ്ടെന്ന് കാണുന്നതിനാൽ, പഞ്ചായത്ത് ഡയറക്ടറുടേയും, തിരുവനന്തപുരം ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് ആയിരിക്കെ 12.03.2021 ൽ മരണമടഞ്ഞ സുരേന്ദ്രനാഥൻ.ജി- യുടെ മകൾ കുമാരി ശിവകാമി. ബി.എസ്- ന് (ബാനർജി ഭവൻ, തൃപ്പാദപുരം, കുളത്തൂർ പി.ഒ, തിരുവനന്തപുരം) നിലവിലുള്ള പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിനായി പഞ്ചായത്ത് വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട് പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
6. പരാമർശം(2) ഉത്തരവ് പ്രകാരം സമർപ്പിച്ചിരിക്കുന്ന സംരക്ഷണ സമ്മതമൊഴിയിലെ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം പരാമർശം(4) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകയുടെ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% വരുന്ന തുക പിടിച്ചെടുത്ത് അർഹരായ ആശ്രിതർക്ക് നൽകുന്നതാണ്.
7. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ

ചെയ്ത് ആശ്രിത നിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിലോ അല്ലാതേയോ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

കുമാരി ശിവകാമി ബി.എസ്, ബാനർജി ഭവൻ, തൃപ്പാദപുരം, കുളത്തൂർ പി.ഒ, തിരുവനന്തപുരം (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കിഴുവിലം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. EPA3/174/2022/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 18-08-2023 17:26:55